**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1062** **27-07-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വിള ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ജി എസ് ജയലാൽ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ കാർഷിക വിള ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | 22.03.2017ലെ സ.ഉ.(എം.എസ്)നം.37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. സ.ഉ.(കൈ)നം.1192/2017/കൃഷി തീയതി 13.12.2017 പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (കൂവരക്, ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കും വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ നഷ്ടപരിഹാരം നൽകി വരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടു തീ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലമുള്ള കൃഷിനാശത്തിനാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. 27.10.2017ൽ സ.ഉ.(സാധാ)നം.1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ 28.12.2017ലെ സ.ഉ.(കൈ)നം.167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടു കൂടി കർഷകർ ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | ഹ്രസ്വ/വാർഷിക വിളകൾ കൂടി വിള ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ സ.ഉ.(സാധാ)നം.1198/2018/കൃഷി തീയതി 12.12.2018ലെ ഉത്തരവ് പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50%ൽ അധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്. എന്നാൽ ഇഞ്ചി, മഞ്ഞൾ, നിലക്കടല, എള്ള്, പച്ചക്കറികൾ, പയറു വർഗ്ഗങ്ങൾ, മരച്ചീനി, മറ്റു കിഴങ്ങു വർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നീ വിളകൾക്കു ഇൻഷ്വർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് 10% എങ്കിലും നാശനഷ്ടമുണ്ടായാലേ നഷ്ടപരിഹാരം ലഭിക്കൂ. |
| (ബി) | വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായാണ് കണ്ടിട്ടുള്ളത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പഞ്ചായത്തു തലത്തിൽ നടപ്പിലാക്കുന്നത് കൃഷി ഭവനുകൾ വഴിയാണ്. പദ്ധതിയിൽ കർഷകരെ ചേർക്കുന്നത് ഉൾപ്പെടെയുള്ള പദ്ധതി പുരോഗതി എല്ലാ മാസവും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ തലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്)മാരും, പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും കർഷകരുടെ പങ്കാളിത്തം ഉൾപ്പെടെയുള്ള പദ്ധതി പുരോഗതി അവലോകനം ചെയ്തു വിലയിരുത്തുന്നു. സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (CP)ഉം കൃഷി ഡയറക്ടറും കർഷകരുടെ പങ്കാളിത്തം, ഫണ്ടിന്റെ വിനിയോഗം തുടങ്ങിയവ സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നു. കൂടാതെ ഓരോ വർഷവും കർഷകർക്കിടയിൽ വിള ഇൻഷ്വറൻസ് പദ്ധതിയുടെ നേട്ടങ്ങൾ എത്തിച്ചു കൂടുതൽ കർഷകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് ജൂലൈ ഒന്നാം തീയതി വിള ഇൻഷ്വറൻസ് ദിനവും തുടർന്ന് വിള ഇൻഷ്വറൻസ് പക്ഷാചരണവും നടത്താറുണ്ട്. 2015-16 മുതലുള്ള അംഗത്വത്തിന്റെയും പ്രീമിയം ശേഖരണത്തിന്റെയും കണക്കുകൾ അനുബന്ധം - I ആയി ചേർക്കുന്നു. |
| (സി) | വിള ഇൻഷ്വറൻസ് പദ്ധതിയിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറുഫലവിളകൾ, ചേമ്പ്, കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവ കൂടി വിള ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള വിഷയം പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | പുതിയ കൃഷിയിനങ്ങൾ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്. വാണിജ്യ പുഷ്പ കൃഷി, പപ്പായ, റംബൂട്ടാൻ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട് മുതലായ ചെറുഫലവിളകൾ, ചേമ്പ്, കാച്ചിൽ, കൂർക്ക തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ, തേനീച്ച കൃഷി, കോലിഞ്ചി എന്നിവ കൂടി വിള ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള വിഷയം പരിഗണനയിലാണ്. |
| (ഇ) | നെൽകൃഷിയുടെ വിള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ? | (ഇ) | സ.ഉ.(എം.എസ്) നമ്പർ 37/2017/കൃഷി തീയതി 22.03.2017 ഉത്തരവ് പ്രകാരമാണ് നെൽകൃഷിയ്ക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പ്രകാരം ആനുകൂല്യം നൽകിവരുന്നത്. 27.10.2017ൽ സ.ഉ.(സാധാ)നം. 1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീട രോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷിയ്ക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. എന്നാൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്ത പാടശേഖരങ്ങളിൽ ഒരാളുടെ പാടത്തിൽ മാത്രം നഷ്ടം ഉണ്ടായാലും അതിനും നഷ്ടപരിഹാരം നൽകുന്നതാണ്. നെൽകൃഷി ഇൻഷ്വർ ചെയ്യാൻവേണ്ട നിബന്ധനകൾ അനുബന്ധം - IIൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| വർഷം | എൻറോൾ ചെയ്ത കർഷകരുടെ എണ്ണം | പ്രീമിയം ശേഖരിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2015 - 16 | 146008 | 106.59352 |
| 2016 - 17 | 89862 | 105.98025 |
| 2017 - 18 | 176644 | 387.47088 |
| 2018 - 19 | 253068 | 533.33746 |
| 2019 - 20 | 427739 | 604.01581 |
| 2020 - 21 | 323698 | 700.40072 |
| 2021 - 22 (23-07-2021) വരെ | 26366 | 41.01415 |

സെക്ഷൻ ഓഫീസർ

Scanned with CamScanner

## അനുബന്ധം - II

| ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ എണ്ണം/വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|
| 0.10 ഹെക്ടർ | നട്ട് അല്ലെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 45 ദിവസം വരെ | 0.10 ഹെക്ടറിന് ₹ 25 | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹15,000. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹35,000. കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

Scanned with CamScanner